LIBRARY ARCHIVES Kerala Legislative Assembly

ടെണ്ടർ സേവിംഗ്സ് പ്രൊപ്പോസലുകൾക്ക് ധനകാര്യവകുപ്പിൽനിന്നും മുൻകൂർ അനുമതി വാങ്ങിയതിനുശേഷം ജില്ലാ കളക്ടർ ഭരണാനുമതി നൽകുന്നതാണ്. ധനകാര്യവകുപ്പ് ആവശ്യപ്പെടുന്ന മുറയ്ക്ക് ജില്ലാ കളക്ടറാണ് ബന്ധപ്പെട്ട നിർവ്വഹണ ഉദ്യോഗസ്ഥരിൽനിന്നും ശേഖരിക്കുന്ന ടെണ്ടർ സേവിംഗ്സ് വിവരങ്ങൾ ക്രോഡീകരിച്ച് ധനകാര്യവകുപ്പിൽ അറിയിക്കുന്നത്.

വാമനപുരം മണ്ഡലത്തിലെ ആസ്തി വികസന പദ്ധതി

31(5186) ശ്രീ. ഡി. കെ. മുരളി: താഴെ കാണുന്ന ചോദ്യത്തിന് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

വാമനപുരം നിയോജകമണ്ഡലത്തിൽ എം.എൽ.എ.-യുടെ ആസ്തി വികസന പദ്ധതി പ്രകാരം ഇതുവരെ പൂർത്തിയാക്കിയിട്ടുള്ള ഓരോ പ്രവൃത്തികളിലും ടെണ്ടർ സേവിംഗ്സായി എത്ര തുകയാണുള്ളതെന്ന് വിശദമാക്കാമോ?

വിവരം ശേഖരിച്ചുവരുന്നു

മാവേലിക്കര മണ്ഡലത്തിലെ ഐസൊലേഷൻ വാർഡുകളുടെ നിർമ്മാണം

32(5187) ശ്രീ. എം. എസ്. അരുൺ കുമാർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് ധനകാര്യ വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ആസ്തിവികസന ഫണ്ടിൽ ഉൾപ്പെടുത്തി ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുണ്ടോയെന്നറിയിക്കാമോ?

2021 ജൂൺ 4-ാം തീയതി അവതരിപ്പിച്ച 2021-22 വർഷത്തെ പുതുക്കിയ ബഡ്ജറ്റ് പ്രസംഗം ഖണ്ഡിക 21-ൽ പ്രഖ്യാപിച്ചിരുന്ന എം. എൽ. എ.-മാരുടെ വികസന ഫണ്ടിൽനിന്നും പണം കണ്ടെത്തി എല്ലാ സി.എച്ച്.സി, താലൂക്ക്-ജില്ലാ-ജനറൽ ആശുപത്രികളിലും പകർച്ചവ്യാധികൾക്കായി 10 ബെഡ്ഡുകൾ വീതമുള്ള ഐസൊലേഷൻ വാർഡുകൾ സ്ഥാപിക്കാൻ ഉദ്ദേശിക്കുന്നു എന്ന പദ്ധതിയിന്മേൽ നടപടി സ്വീകരിച്ചുവരുന്നു.

(ബി) മാവേലിക്കര മണ്ഡലത്തിൽ എവിടെയെല്ലാമാണ് ഐസൊലേഷൻ വാർഡുകൾ നിർമ്മിക്കാൻ തീരുമാനിച്ചിട്ടുള്ളതെന്നും ഓരോന്നിനും എത്ര തുക വീതം ചെലവുവരുമെന്നും വിശദമാക്കുമോ?

ഓരോ മണ്ഡലത്തിലും ഐസൊലേഷൻ വാർഡുകൾ എവിടെയെന്നതും എത്ര രൂപ വീതമാണ് ചെലവഴിക്കേണ്ടതെന്നത് സംബന്ധിച്ചും തീരുമാനമെടുത്തിട്ടില്ല.